ഉത്തരം

(എ) എറണാകുളത്ത് വല്ലാർപ്പാടത്ത് ഒരു സ്പെഷ്യൽ ഇക്കണോമിക് സോൺ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശത്തിന് കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ കിൻഫ്രയുടെ കിൻഫ്ര ഫുഡ് പ്രോസ്സസിംഗിനായുള്ള സ്പെഷ്യൽ ഇക്കണോമിക് സോൺ മലപ്പുറത്തെ കാക്കഞ്ചേരിയിലും ഇലക്ട്രോണിക് സ്പെഷ്യൽ ഇക്കണോമിക് സോൺ എറണാകുളത്തെ കളമശ്ശേരിയിലും സ്ഥാപിക്കുന്നതിന് കേന്ദ്രത്തിൽനിന്ന് ക്ലിയറൻസ് ലഭിച്ചിട്ടുണ്ട്.

(ബി) വല്ലാർപ്പാടത്തുള്ള സ്പെഷ്യൽ ഇക്കണോമിക് സോൺ സ്ഥാപിക്കുന്നതിന് കൊച്ചിൻ പോർട്ട് ട്രസ്റ്റ് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിലേയ്ക്കാവശ്യമായ സ്ഥലം തിരിച്ച് ഒരു സെസ്സായി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. കിൻഫ്രയുടേതായ രണ്ട് സെസ്സുകൾക്കും കേന്ദ്രത്തിൽ നിന്നുള്ള ക്ലിയറൻസ് ഇപ്പോൾ ലഭിച്ചിട്ടേയുള്ളൂ. ഔപചാരികമായി ഉത്തരവ് പ്രതീക്ഷിക്കുന്നു.

(സി) കേരള സ്റ്റാമ്പ് ആക്ട് പ്രകാരമുള്ള സ്റ്റാമ്പ് ഡ്യൂട്ടിയിൽ നിന്നും രജിസ്ട്രേഷൻ ആക്ട് പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ നിന്നും സംസ്ഥാനത്തിന്റെ സെയിൽസ് ടാക്സ്, പർച്ചേസ് ടാക്സ്, കേരള സ്റ്റാമ്പ് ആക്ട്, പ്രാദേശിക നികുതികൾ എന്നിവയിൽ നിന്നും സ്പെഷ്യൽ ഇക്കണോമിക് സോണുകളിലുള്ള ഡെവലപ്പേഴ്സിനെ ഒഴിവാക്കിയിട്ടുണ്ട്. കേരള ഇലക്ട്രിസിറ്റി ഡ്യൂട്ടി ആക്ട് പ്രകാരം നൽകേണ്ട വിവിധ പേമെന്റുകളിൽ നിന്നും (ഇലക്ട്രിസിറ്റി ഡ്യൂട്ടി, ലൈസൻസുകൾ മുതലായവയിൽ) ഇളവുകളും ഒഴിവാക്കലുകളും അടങ്ങുന്ന ആനുകൂല്യങ്ങൾ സ്പെഷ്യൽ ഇക്കണോമിക് സോണിലെ ഡെവലപ്പേഴ്സിന് ലഭ്യമാണ്. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് പ്രകാരം തർക്കങ്ങൾ പരിഹരിക്കുന്നതിനായി ഡെവലപ്പ്മെന്റ് കമ്മീഷണർ (സെസ്സ്) കൊച്ചിയെ കൺസീലിയേഷൻ ഓഫീസറായി നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സ്പെഷ്യൽ ഇക്കണോമിക് സോണുകൾക്ക് കീഴിൽ വരുന്ന വികസന സംരംഭകരെയും, വ്യാവസായിക യൂണിറ്റുകളേയും മറ്റ് സ്ഥാപനങ്ങളേയും പ്രാദേശിക നികുതികൾ, ചുങ്കം മുതലായവ നൽകേണ്ടതിൽ നിന്നും ഒഴിവാക്കി സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്. പ്രത്യേക വ്യവസായ മേഖലയിൽ വ്യവസായം തുടങ്ങുവാൻ ഉദ്ദേശിക്കുന്ന സംരംഭകർക്ക് കേന്ദ്ര ഗവൺമെന്റ് പോളിസി പ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

പുതുശ്ശേരി വ്യവസായ മേഖലയിലെ ഉരുക്ക് വ്യവസായ ശാലകൾ

6 [1211] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ പുതുശ്ശേരി വ്യവസായ മേഖലയിൽ എത്ര ഇരുമ്പ്, ഉരുക്ക് വ്യവസായ ശാലകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഇതിന് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതുമായി ബന്ധപ്പെട്ട് പൊല്യൂഷൻ കൺട്രോൾ ബോർഡിന് എതിരായി വല്ല പരാതിയും സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ പരാതിയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) പുതുശ്ശേരി വ്യവസായ മേഖലയിൽ 22 ഇരുമ്പ് ഉരുക്ക് വ്യവസായ ശാലകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി, ഡി.) പരാതി ലഭിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സ്റ്റീൽ കോംപ്ലക്സ് നവീകരണ പദ്ധതി

7 [1212] ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റീൽ കോംപ്ലക്സ് നവീകരണ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ ;

(ബി) ജനപ്രതിനിധികളുടെയും വിവിധ തൊഴിലാളി സംഘടനാ നേതാക്കളുടെയും സംയുക്ത യോഗതീരുമാനങ്ങൾ നടപ്പാക്കിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) യോഗ തീരുമാനം എന്നേക്ക് നടപ്പിൽ വരുത്താനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സ്റ്റീൽ കോംപ്ലക്സ് പുനരുദ്ധരിക്കുന്നതിനായി ബി.ഐ.എഫ്.ആർ. നിർദ്ദേശപ്രകാരം കമ്പനി ഒരു റിപ്പോർട്ട് തയ്യാറാക്കി ഓപ്പറേറ്റിംഗ് ഏജൻസിയായ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യക്ക് സമർപ്പിക്കുകയും, ബാങ്ക് പ്രസ്തുത റിപ്പോർട്ട് പഠിച്ചശേഷം ബൃഹത്തായ ഒരു പുനരുദ്ധാരണ പദ്ധതി 9-11-2004-ൽ സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. സർക്കാർ വിവിധ വകുപ്പുകളുടെ അഭിപ്രായത്തോടെ, പുനരുദ്ധാരണ പദ്ധതി അനുഭാവപൂർവ്വം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(ബി, സി) യോഗ തീരുമാനങ്ങൾ പുനരുദ്ധാരണ പദ്ധതിയോടൊപ്പം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) പുനരുദ്ധാരണ പദ്ധതി സർക്കാർ പരിശോധിച്ചു അംഗീകരിച്ചശേഷം ബി. ഐ. എഫ്. ആർ. അംഗീകാരത്തോടെ നടപ്പിലാക്കാൻ കഴിയുമെന്നു കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly